# ചങ്ങനാശ്ശേരി അതിരൂപത
# ഫാമിലി അപ്പോസ്തലേറ്റ്



## ഓൺലൈൻ വിവാഹഒരുക്ക ധ്യാനം

പ്രിയപ്പെട്ടവരെ,

കോവിഡ് പശ്ചാത്തലത്തിൽ മൂന്നു ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിന് ബുദ്ധിമുട്ടുള്ളതിനാലാണ് ഓൺലൈൻ ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ കോഴ്സ് കൂടി 2 മാസത്തിനകം വിവാഹം നടക്കുന്നവർക്കാണ് ഓൺലൈൻ ക്ലാസ്സ് ഉദ്ദേശിക്കുന്നത്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. **കോഴ്സിന്റെ ബുക്കിംഗ് ഓൺലൈൻ വഴി മാത്രമായിരിക്കും.**
2. **www.familyapostolatechry.com** എന്ന സൈറ്റിൽ **Mail ID യും Password ഉം** ഉപയോഗിച്ച് കയറി **Go to Booking** ൽ പോയി **Sign Up** ചെയ്ത് ഫോം പൂരിപ്പിക്കുക. 1 MB യിൽ താഴെ വരുന്ന Passport size ഫോട്ടോയും upload ചെയ്യേണ്ടതാണ്.
3. ബുക്കിംഗ് ആരംഭിക്കുന്നത് നിർദ്ദിഷ്ട ദിവസങ്ങളിൽ **രാവിലെ ഇന്ത്യൻ സമയം കൃത്യം 11.00** മണി മുതലാണ്. 75 പേർക്ക് മാത്രമായിരിക്കും ഓരോ കോഴ്സിലും പ്രവേശനമുണ്ടായിരിക്കുക.
4. സീറ്റ് ബുക്ക് ചെയ്ത് payment അടച്ചവർ **My Bookings** മെനുവിൽ പോയി **Booking Confirmation** ചെയ്യേണ്ടതാണ്.
5. കോഴ്സ് കൂടുന്നവർ സ്വന്തം ഇടവകയിലെ **വികാരിയച്ചന്റെ permission letter വാങ്ങി** ബുക്കിംഗ് പ്രക്രിയ പൂർത്തിയാക്കി സീറ്റ് ഉറപ്പായതിന് ശേഷം 7736754476 (Fr. Jose Mukalel - Director) എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് കോഴ്സിന്റെ ആദ്യ ദിവസം തന്നെ കോഴ്സ് തീയതികളും കൂടിച്ചേർത്ത് നിശ്ചയമായും അയയ്ക്കേണ്ടതാണ്. കോഴ്സിന്റെ രജിസ്ട്രേഷൻ ഫോമിൽ വികാരിയച്ചൻ attest ചെയ്യേണ്ട ആവശ്യമില്ല.
6. കോഴ്സിൽ പങ്കെടുക്കുന്ന എല്ലാവരും കോഴ്സ് ഷെഡ്യൂൾ തുടങ്ങുന്നതിനു മുമ്പ് ചങ്ങനാശ്ശേരി ഫാമിലി അപ്പോസ്തലേറ്റ് പ്രസിദ്ധീകരിച്ച കോഴ്സ് മാന്യുവൽ, കോഴ്സിന്റെ ആദ്യദിവസം My Bookings ൽ നിന്നും ലഭിക്കുന്നതാണ്.
7. കോഴ്സ് പ്രധാനമായും കുടുംബജീവിതത്തിനാവശ്യമായ വിഷയങ്ങളെക്കുറിച്ച് പ്രസ്തുത വിഷയങ്ങളിൽ പ്രാവിണ്യമുള്ള വ്യക്തികളുടെ ക്ലാസ്സുകളുടെ വീഡിയോകളാണ്.
8. കോഴ്സ് ബുക്ക് ചെയ്യാനായി ചെയ്തതുപോലെ തന്നെ സ്വന്തം mail ID യും password ഉം ഉപയോഗിച്ച് സൈറ്റിൽ കയറി My Course എന്ന ഓപ്ഷനിലൂടെയാണ് ക്ലാസ്സിൽ പങ്കെടുക്കേണ്ടത്.
9. കോഴ്സിനു ശേഷം ക്ലാസ്സ് കൂടിയ എല്ലാവർക്കുമായി ഒരു Zoom മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. ഒന്നര മണിക്കൂറോളം വരുന്ന ഈ സെക്ഷനിൽ ക്ലാസ്സുമായോ വിവാഹചടങ്ങുമായോ ബന്ധപ്പെട്ട സംശയങ്ങൾക്ക് ഉത്തരം നൽകുന്നതും കുമ്പസാരത്തിനായി ഒരുക്കുകയും ചെയ്യുന്നതാണ്. എല്ലാവരും Zoom മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
10. **മൂന്നു ദിവസങ്ങളിലെയും മുഴുവൻ ക്ലാസ്സുകളിലും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.** കോഴ്സ് ദിവസങ്ങളിൽ രാവിലെ 5 മണി മുതൽ വൈകിട്ട് 11 മണിവരെയുള്ള സമയത്തിനുള്ളിൽ പങ്കെടുക്കുന്നവരുടെ സൗകര്യമനുസരിച്ച് ഒരു ദിവസം 3 മണിക്കൂർ ക്ലാസ്സ് കൂടേണ്ടതാണ്. അതാത് ദിവസങ്ങളിലെ ക്ലാസ്സുകൾ അന്നുതന്നെ നിശ്ചയമായും attend ചെയ്യേണ്ടതാണ്.
11. **ക്ലാസ്സുകളുമായി ബന്ധപ്പെട്ട പരീക്ഷ നിശ്ചയമായും പൂർത്തീകരിക്കേണ്ടതാണ്.** 3 ദിവസങ്ങളിലെ കോഴ്സ് പൂർത്തിയായി പത്തു ദിവസങ്ങൾക്കുള്ളിൽ ഡയറക്ടറച്ചന്മാർ നിങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതാണ്. അതിനു ശേഷമാണ് Certificate സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടത്.
12. ഏറ്റവും അടുത്ത ദിവസങ്ങളിൽത്തന്നെ വിവാഹമുള്ളവർ അക്കാര്യം ബഹു. ഡയറക്ടറച്ചന്മാരെ അറിയിക്കേണ്ടതാണ്.
13. കോഴ്സ് ആരംഭിക്കുന്നതിന്റെ തലേദിവസം പങ്കെടുക്കുന്നവരുടെ Mail ID യിലേക്ക് കോഴ്സ് ഡീറ്റെയിൽസ് അടങ്ങിയ മെയിൽ അയയ്ക്കുന്നതാണ്.
14. കോഴ്സിന്റെ അവസാന ദിവസം മാതാപിതാക്കൾക്കുവേണ്ടി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ** *(ഡയറക്ടർ)*

**ഫാ. റ്റിജോ പുത്തൻപറമ്പിൽ, ഫാ. സോണി പള്ളിച്ചിറയിൽ** *(അസി. ഡയറക്ടേഴ്സ്)*

**അന്വേഷണങ്ങൾക്ക്**
ഫാ. ജോസ് മുകളേൽ - 7736754476
ബ്രദർ റീജന്റ് - 9447016240